2.	പ്രവർത്തന മൂലധനം, ഫാക്ടറികെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി, ഉല്പന്ന വൈവിധ്യവൽക്കരണം എന്നിവയ്ക്കുള്ള സഹായ പദ്ധതി (ഫ്ളാഗ്ഷിപ്പ് സ്കീം)	3,40,000 രൂപ
3.	ടെക്നോളജി അപ്ഗ്രഡേഷൻ	1,10,000 രൂപ
4.	പ്രോഡക്റ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ്	1,51,070 രൂപ
5.	എക്സിബിഷൻ ഗ്രാന്റ്	2,15,904 രൂപ
6,	അംശദായ മിതവ്യയ ഫണ്ടിന്റെ ഗവൺമെന്റ് കോൺട്രിബ്യൂഷൻ	1,79,034 രൂപ
7.	സംഘത്തിൽനിന്നും പിരിഞ്ഞുപോയ നെയ്ത്തുകാർക്ക് അംശദായ ഫണ്ട് ഇനത്തിൽ നൽകിയ തുക	2,05,227 രൂപ
8.	റിബേറ്റ്	35,75,191 രൂപ
9.	മാർക്കറ്റിംഗ് ഇൻസെന്റീവ്	15,11,093 രൂപ
10.	യാൺ ബാങ്കിന് നൽകിയ സാമ്പത്തിക ധനസഹായം (മാർജിൻ മണി)	27,00,000 രൂപ
11.	കഴിനൂൽ സബ്സിഡി	12,72,468 രൂപ
12.	ഡൈസ് & കെമിക്കൽസ് സബ്സിഡി	1,98,207 രൂപ

കൂടാതെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 185 തൊഴിലാളികളേയും, മഹാത്മാഗാന്ധി ബങ്കർ ഭീമ യോജന പദ്ധതിയിൽ 147 തൊഴിലാളികളേയും ചേർക്കുകയും അവരുടെ അംഗത്വം വർഷാവർഷം പുതുക്കുകയും ചെയ്യുന്നുണ്ട്.

ചേലേമ്പ്ര യൂറോസ്പിൻ മിൽ

203 (5093) ശ്രീ. കെ. മുഹമ്മദണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിക്കടുത്ത ചേലേമ്പ്ര യൂറോസ്പിൻ മില്ലിന്റെ സ്ഥലത്ത് പുതിയ വ്യവസായ സംരംഭം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഇതിനകം എന്തെങ്കിലും നടപടി ആരംഭിച്ചിരുന്നുവോ ;

(ബി) മലപ്പുറം ജില്ലാ കളക്ടറും വ്യവസായ കേന്ദ്രവും ഇത് സംബന്ധമായി നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ യൂറോസ്പിൻ ഇൻഡസ്ട്രീസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് പുതിയ വ്യവസായ സംരംഭം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് 26.72 ഏക്കർ ഭൂമി വ്യവസായ ഏര്യയായി പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് ചേലേമ്പ്ര വില്ലേജ് ഓഫീസർ ബന്ധപ്പെട്ട സ്ഥലത്തിന്റെ ലൊക്കേഷൻ മാപ്പും ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസ്തുത സ്ഥലം വ്യവസായ ഏര്യയായി പ്രഖ്യാപിക്കുന്നതിനുള്ള സമ്മതപത്രവും നൽകുകയുണ്ടായി. ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി ഇതിന് അനുകൂലമായ റിപ്പോർട്ടും നൽകുകയുണ്ടായി. മേൽപ്പറഞ്ഞ രേഖകളുടെ അടിസ്ഥാനത്തിലാണ് സർക്കാർ പ്രസ്തുത പ്രദേശം വ്യവസായ മേഖലയായി പ്രഖ്യാപിച്ചത്.

എടരിക്കോട് ടെക്സ്റ്റൈൽസിന്റെ നവീകരണ പ്രവൃത്തികൾ

204 (5094) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടരിക്കോട് ടെക്സ്റ്റൈൽസിന്റെ നവീകരണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) നവീകരണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാകും ;

(സി) പദ്ധതി പൂർത്തിയായാൽ നിലവിലുള്ളതിനേക്കാൾ എത്ര സ്പിന്റിലുകൾ വർദ്ധിപ്പിക്കാനാകും ;

(ഡി) ഇതുമൂലം കമ്പനിയുടെ പ്രവർത്തനത്തിൽ വരുന്ന മാറ്റമെന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ഇ) നവീകരണ പ്രവർത്തനങ്ങൾക്ക് എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ; ഇതിൽനിന്ന് ഇതിനകം എത്ര രൂപ ചെലവഴിച്ചു ?

ഉത്തരം

(എ) എടരിക്കോട് ടെക്സ്റ്റൈൽസിന്റെ നവീകരണ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

(ബി) 2010 നവംബറോടുകൂടി പൂർത്തിയാകും.

(സി) പദ്ധതി പൂർത്തിയായാലും സ്പിന്റിൽ കപ്പാസിറ്റിയിൽ വർദ്ധനവുണ്ടാകുന്നില്ല.

(ഡി) നവീകരണ പ്രവൃത്തികൾ പൂർത്തിയായാൽ നൂലിന്റെ ഗുണമേന്മയും ഉൽപ്പാദനക്ഷമതയും വർദ്ധിക്കും.

(ഇ) നവീകരണ പ്രവർത്തനങ്ങൾക്ക് 229.60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും 200.72 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly